**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2513      06.12.2018-ലെ മറുപടിയ്ക്ക്

## സ്പോർട്സ് കൗൺസിൽ പ്രവർത്തനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.സി. കെ. ശശീന്ദ്രൻ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി |
| (എ) | സ്പോർട്സ് കൗൺസിൽ മുഖാന്തിരം അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കാവുന്ന കായിക ഇനങ്ങൾ ഏതെല്ലാമാണ്; | (എ) | 2000-ലെ കേരള സ്പോർട്സ് ആക്ടിനും അതിന്കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള സ്പോർട്സ് ചട്ടങ്ങളിലെയും വ്യവസ്ഥകൾ പാലിക്കുന്ന ഏത് കായിക സംഘടനകൾക്കും, നാഷണൽ ഗെയിംസ് മുതൽ ഒളിമ്പിക്സ് വരെയുള്ള കായിക ഇനങ്ങളിൽ കേരളത്തിൽ പ്രചാരമുള്ള (10 ജില്ലകളിലെങ്കിലും) കായിക ഇനങ്ങൾ ഉണ്ടെങ്കിൽ ബന്ധപ്പെട്ട അത്തരം കായിക സംഘടനകൾക്കും അഫിലിയേഷനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ അപേക്ഷ സമർപ്പിക്കാവുന്നതും അപ്രകാരമുള്ള അപേക്ഷ കൗൺസിൽ പരിഗണിക്കുന്നതുമാണ്.<br>കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ നിലവിൽ 41 സംസ്ഥാന അസോസിയേഷനുകൾക്ക് അംഗീകാരമുണ്ട്. |
| (ബി) | സ്പോർട്സ് കൗൺസിലിന് ഗ്രാമ തലത്തിൽ നൽകാവുന്ന സേവനങ്ങൾ എന്തെല്ലാമാണ്; | (ബി) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ ഗ്രാമീണ മേഖലയിൽ 13 റൂറൽ കോച്ചിംഗ് സെന്ററുകളും 70 ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ച് വരുന്നു. കൂടാതെ വെക്കേഷൻ സമയത്ത് പരിശീലകരെ അവരവരുടെ ജില്ലകളിൽ പോസ്റ്റ് ചെയ്യുകയും അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ആവശ്യാനുസരണം പരിശീലകരെ ലഭ്യമാക്കി കൊടുക്കുകയും ചെയ്യുന്നു. |
| (സി) | അഖിലേന്ത്യതലത്തിലും സംസ്ഥാന തലത്തിലും ചാമ്പ്യൻമാരായ കായിക | (സി) | മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതിപ്രകാരം |

| | | | |
|---|---|---|---|
| | താരങ്ങളുടെ നിയമനങ്ങൾ എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | | 2010 മുതൽ 2014 വരെയുള്ള വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി കായിക താരങ്ങളിൽ നിന്നും അപേക്ഷ ക്ഷണിക്കുകയും പ്രസ്തുത വിജ്ഞാപന പ്രകാരം ലഭിച്ചിട്ടുള്ള അപേക്ഷകളിന്മേൽ ആവശ്യമായ തുടർ നടപടികൾ പുരോഗമിച്ചു വരികയുമാണ്. കൂടാതെ 2015 മുതൽ 2017 വരെയുള്ള വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായിയുള്ള കരട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ പൊതുഭരണ വകുപ്പിൽ ത്വരിത ഗതിയിൽ പുരോഗമിച്ചു വരുന്നു.<br>35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. കൂടാതെ ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ.സി.കെ.വിനീതിന് സെക്രട്ടറിയേറ്റിൽ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളീബോൾ കിരീടം നേടിയ കേരള ടീമിലെ സി.കെ.രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**